**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2833** **18.08.2017 ൽ മറുപടിയ്ക്ക്**

## ഇടുക്കി ജില്ലയിലെ പട്ടയവിതരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.അടൂർ പ്രകാശ് | ശ്രീ.ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും<br>വകുപ്പ് മന്ത്രി) |

| | | |
|---|---|---|
| (എ) | 1993-ലെ സ്പെഷ്യൽ റൂൾസ് പ്രകാരം ഇടുക്കി ജില്ലയിൽ എത്ര പട്ടയങ്ങൾ ഈ സർക്കാർ നൽകിയിട്ടുണ്ട്; താലൂക്ക്, വില്ലേജ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (എ) ഇടുക്കി ജില്ലയിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 1993 ചട്ട പ്രകാരം 3511 പട്ടയങ്ങളും, 1964-ലെ ചട്ടങ്ങൾ പ്രകാരം 2010 പട്ടയങ്ങളും ഉൾപ്പടെ 5521 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. ഇടുക്കി ജില്ലയിൽ 7 ഭൂമിപതിവ് ആഫീസുകൾ മുഖേന 1993-ലെ ചട്ടങ്ങൾ പ്രകാരം വിതരണം ചെയ്തിട്ടുള്ള പട്ടയങ്ങളുടെ താലൂക്ക് തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.<br>1. മുരിക്കാശ്ശേരി - 293<br>2. കട്ടപ്പന - 904<br>3. നെടുങ്കണ്ടം - 1189<br>4. കരിമണ്ണൂർ - 145<br>5. രാജകുമാരി - 158<br>6. ഇടുക്കി - 660<br>7. പീരുമേട് - 162 |
| (ബി) | ഈ പട്ടയങ്ങൾ നൽകുന്നതിന് റൂൾ-6 പ്രകാരം കൈക്കൊണ്ട നടപടി വ്യക്തമാക്കുമോ; | (ബി)റൂൾ 6 പ്രകാരം പട്ടയത്തിനുള്ള അപേക്ഷകൾ സ്വീകരിച്ചിട്ടുള്ളതും, ലഭിച്ച അപേക്ഷകൾ ആക്ഷേപം ഉണ്ടെങ്കിൽ രേഖപ്പെടുത്തുന്നതിനായി പരസ്യപ്പെടുത്തുന്നതുമാണ്. ജോയിന്റ് വേരിഫിക്കേഷൻ ലിസ്റ്റ് പ്രാബല്യത്തിലുള്ള സ്ഥലങ്ങളിൽ ടി ലിസ്റ്റിൽ ഉൾപ്പെട്ടവർക്കും ഉടുമ്പൻചോല താലൂക്കിൽ ഫെയർലാൻഡ് രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ളവർക്കും (ഏലം, കൃഷി ഒഴികെ) പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | ഇതിനായി അപേക്ഷകൾ സ്വീകരിച്ചത് ഏതെല്ലാം വർഷമാണ്; | (സി) 2004, 2010 വർഷങ്ങളിൽ അപേക്ഷ സ്വീകരിച്ചിരുന്നതും ടി അപേക്ഷകളിൽ നടപടി സ്വീകരിച്ചിട്ടുള്ളതുമാണ്. 2017 ജൂലൈ മാസം ഒന്നാം തീയതി മുതൽ പുതിയ അപേക്ഷകൾ സ്വീകരിച്ചുവരുന്നതും പട്ടയനടപടികൾ പൂർത്തീകരിച്ചുവരുന്നതുമാണ്. |
| (ഡി) | ഇടുക്കി ജില്ലയിൽ High Range Colonisation-ൽ എത്ര പേർക്ക് ഇനി പട്ടയം നൽകാനുണ്ടെന്ന് താലൂക്ക്, വില്ലേജ് തിരിച്ച് വ്യക്തമാക്കുമോ; | (ഡി) ഹൈറേഞ്ച് കോളനൈസേഷൻ സ്കീം പ്രകാരം പട്ടയത്തിനായി ലഭിച്ച 25 അപേക്ഷകളാണ് തീർപ്പാക്കാനുള്ളത്.<br>1. **<u>ദേവികുളം താലൂക്ക്</u>**<br>മറയൂർ വില്ലേജ് - 03<br>2. **<u>ഉടുമ്പൻചോല താലൂക്ക്</u>**<br>പാറത്തോട് വില്ലേജ് - 05<br>കരുണാപുരം വില്ലേജ് -06 |

| | | |
|---|---|---|
| | | പാമ്പാട്ടുംപാറ വില്ലേജ് -09<br>കൽക്കുന്തൽ വില്ലേജ് - 2 |
| (ഇ) | ഇവർക്ക് പട്ടയം നൽകുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികൾ കൈക്കൊണ്ടുവെന്ന് വ്യക്തമാക്കുമോ; | (ഇ) ഈ കേസുകളിലെല്ലാം വസ്തുവിന്റെയും റിക്കാർഡുകളുടെയും പരിശോധന ഉൾപ്പെടെയുള്ള നടപടികൾ നടന്നുവരുന്നു. |
| (എഫ്) | 1993 ലെ സ്പെഷ്യൽ റൂൾസ് പ്രകാരം പതിച്ചുനൽകുന്നതിന് ഇടുക്കി ജില്ലയിൽ എത്ര ഭൂമി ലഭ്യമാണ് എന്ന് താലൂക്ക്, വില്ലേജ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (എഫ്) 1993 ചട്ടപ്രകാരം പതിച്ചുനൽകുന്നതിന് ഇടുക്കി ജില്ലയിൽ ജോയിന്റ് വേരിഫിക്കേഷൻ ലിസ്റ്റ് പ്രകാരം ഇടുക്കി, തൊടുപുഴ, ദേവികുളം, പീരുമേട് താലൂക്കുകളിലായി 5000 ഹെക്ടർ ഭൂമിയും ഇടുക്കി, ഉടുമ്പൻചോല താലൂക്കുകളിലായി സി.എച്ച്.ആർ മേഖലയിൽ 20363 ഹെക്ടർ ഉൾപ്പെടെ ആകെ 25363 ഹെക്ടർ ഭൂമിയ്ക്ക് കേന്ദ്രാനുമതി ലഭിച്ചിട്ടുള്ളതാണ്. അനുമതി ലഭിച്ച ഭൂമി വില്ലേജ് തിരിച്ച് പ്രത്യേകം സർവ്വേ ചെയ്യിട്ടില്ലാത്തതിനാൽ വില്ലേജ് തിരിച്ച് കണക്ക് ലഭ്യമല്ല. |
| (ജി) | 01.01.1977 ന് മുൻപ് ഭൂമി കൈവശമിരുന്നു എന്ന് തെളിയിക്കുന്ന ജോയിന്റ് വെരിഫിക്കേഷൻ അല്ലെങ്കിൽ റീസർവ്വേ രേഖകൾ ഇടുക്കി ജില്ലയിൽ ലഭ്യമാണോ; എങ്കിൽ എന്നാണ് ലഭ്യമായതെന്ന് വ്യക്തമാക്കുമോ? | (ജി)01.01.1977ന് മുൻപ് ഭൂമി കൈവശമിരുന്നു എന്ന് തെളിയിക്കുന്ന ജോയിന്റ് വെരിഫിക്കേഷൻ, റീസർവ്വേ രേഖകൾ ജില്ലയിലെ ഭൂമിപതിവ് ആഫീസുകളിൽ ലഭ്യമാണ്. ലഭ്യമായ തീയതി വ്യക്തമല്ല. |

സെക്ഷൻ ഓഫീസർ